LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

349 (5074) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു; എത്ര വീടുകളുടെ നിർമ്മാണം നടന്നുവരുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ പട്ടികയായി അറിയിക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ലൈഫ്ഭവന പദ്ധതി പ്രകാരം 833 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 97 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്. തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിച്ചതും എന്നാൽ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതുമായ വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ പട്ടികയാക്കി ലഭ്യമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതും എന്നാൽ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതുമായ വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ലൈഫ്ഭവന പദ്ധതി പ്രകാരം അപേക്ഷിക്കാൻ വിട്ടുപോയവർക്ക് 2021-ൽ വീണ്ടും അപേക്ഷ സമർപ്പിക്കാൻ സമയം അനുവദിച്ചിരുന്ന കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷിക്കാൻ വിട്ടുപോയവർക്ക് 2020-2021-ൽ അപേക്ഷ സമർപ്പിക്കാൻ സമയം അനുവദിച്ചിരുന്ന കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത കാലയളവിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ലഭിച്ച അപേക്ഷകൾ തദ്ദേശസ്ഥാപന തലത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അപേക്ഷകളിൽ പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.